# വിദ്യാലയ വികസന കാഴ്ചപ്പാട്

പഴശ്ശി ഈസ്റ്റ് എൽ.പി. സ്കൂളിനെ സംബന്ധിച്ച് അക്കാദമികവും ഭൗതികവും സാമൂഹികവുമായ പ്രവർത്തനങ്ങൾ വളരെ നന്നായി നടന്നു വരുന്നുണ്ട്. വിദ്യാഭ്യാ സ് വകുപ്പും എസ്.എസ്.എ.യും ഇന്ന് നടപ്പിലാക്കുന്ന പല പ്രവർത്തനങ്ങളും( ഉദാ: ഉച്ചക്കഞ്ഞി ചോറായി നൽകുന്നത്. പാഠപുസ്തകങ്ങളും യൂനിഫോമും സൗജന്യമായി നൽകുന്നത്.........) വളരെ മുമ്പ് തന്നെ നടപ്പിലാക്കിയ വിദ്യാലയമാണിത്. ഇത്ത രം പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ പകാളിത്തവും രക്ഷിതാക്കളുടെ പൂർണ സഹകരണവും എടുത്തു പറയേണ്ടതാണ്.

2019 ൽ ഉദ്ഘാടനം ചെയ്ത ആറ് ക്ലാസ്സ് മുറികളും ഓഫീസും കമ്പ്യൂട്ടർ ലൈബ്രറി റൂം ഉൾപ്പെടെയുള്ള രാമൻ ഗുരുക്കളുടെ സ്മരണ നിലനിർത്തി കൊണ്ട് നിർമ്മിച്ച ഇരുനില കെട്ടിടം, 2021 ൽ ഉദ്ഘാടനം ചെയ്ത 2 ക്ലാസ്സ് മുറികളുള്ള സമിറ്റ് ഹാൾ, കഴിഞ്ഞ വർഷം ഉദ്ഘാടനം ചെയ്ത കളിസ്ഥലവും കുട്ടികൾക്കുള്ള പാർക്കും നമ്മുടെ സ്വപ്നം യാഥാർഥ്യമായതിന്റെ ഉദാഹരണങ്ങളാണ്.

പ്രി പ്രൈമറി ക്ലാസ്സുകൾ ആരംഭിച്ചതോടെയുണ്ടായ സ്ഥല പരിമിതി പരിഹ രിക്കാൻ പണിത അഡ്വ: കെ.പി. സർവോത്തമൻ സ്മാരക ഹാൾ (പ്രി പ്രൈമറി വിംഗ് ) വ്യത്തിയുള്ളതും ആധുനിക രീതിയിൽ പണി കഴിപ്പിച്ചതുമായ മൂത്രപ്പുര കളും കക്കൂസും സൗകര്യപ്രദമായ സ്റ്റേജും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പി ച്ചതിന്റെ ഉദാഹരണങ്ങളാണ്

അക്കാദമികമായി പരിശോധിച്ചാൽ നാലാം ക്ലാസ്സ കഴിഞ്ഞു പോകുന്ന വിദ്യാർഥികളിൽ നന്നായി വായിക്കാനും എഴുതാനും കണക്കു കൂട്ടാനും കഴിയു ന്നവരാണ് എല്ലാവരും. പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് മുന്നോക്കമാക്കാൻ അക്ഷരപ്പുലരി, നിറവ്, മുന്നേറ്റം. ഹരിശ്രീ പരിപാടികൾ വിജയ പ്രദമാകാറുണ്ട്.

അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്നലക്ഷ്യം സ്വാർഥകമാക്കേ ണ്ടതുണ്ട്. മൂല്യനിർണയ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുമ്പോൾ ചോദ്യ ങ്ങൾ വായിച്ച് ആശയം ഗ്രഹിച്ച് ഉത്തരമെഴുതാനുള്ള പ്രയാസം ചിലരിൽ കണ്ടു വരുന്നുണ്ട്. പിന്നോക്കം നിൽക്കുന്നവരെ മുന്നോക്കത്തിലെത്തിക്കാനുള്ള മലയാള തിളക്കം ,ഗണിതം മധുരം, മുന്നേറ്റം, ശ്രദ്ധ എന്നിവയോടൊപ്പം ഇംഗ്ലീഷ് സ്വതന്ത്ര മായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ഹലോ ഇംഗ്ലീഷ് പരിപാടി യും കാര്യക്ഷമമായി നടത്തേണ്ടതുണ്ട്. ഗണിതക്രിയകൾ വേഗത്തിൽ ചെയ്യുക, അക്ഷരത്തെറ്റില്ലാതെ സ്വതന്ത്രമായി എഴുതുക, വേഗത്തിൽ വായിക്കുക, വായന പ്രോത്സാഹിപ്പിക്കുക കലാ-കായിക-പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ സജീവമാക്കുക, പൊതുവിജ്ഞാനത്തിൽ താൽപര്യമുണ്ടാക്കുക / മെച്ചപ്പെടുത്തുക, നീന്തലും ചെസ്സും പരിശീലിപ്പിക്കുക, ലൈബ്രറിയിൽ ഉള്ളതും പുസ്തകപ്പയറ്റിലൂടെ ശേഖരിച്ചതുമായ രണ്ടായിരത്തിലധികം പുസ്തകങ്ങൾ ഫലപ്രദമായി ഉപയോഗപ്പെ ടുത്തുക തുടങ്ങി നടപ്പ വർഷം മുതൽ മുൻഗണന കൊടുത്ത് കൂടുതൽ സജീവ മാക്കാനുള്ള പ്രവർത്തനങ്ങൾ അക്കാദമിക് മാസ്റ്റർ പ്ലാനിൽ ആലോചി ക്കേണ്ടതുണ്ട്.

പൊതുവെ പറഞ്ഞാൽ മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന ത ലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരങ്ങൾ, ആധുനിക സാ തിക വിദ്യ പ്രയോജനപ്പെടുത്തി, ക്ലാസ്സ് മുറികൾ സ്മാർട്ടാക്കി ലഭ്യമാക്കണമെന്നാണ് ഞങ്ങളുടെ കാഴ്ചപ്പാട്. അതോടൊപ്പം വികസന പദ്ധതികൾ ജനകീയമായി വിലയിരുത്തനുള്ള (സോഷ്യൽ ഓഡിറ്റിംഗ്) സൗകര്യങ്ങൾ കൂടി ഉണ്ടാ വണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

School : **PAZHASSI EAST L. P. SCHOOL**

School code : 14733

U Dise code : 32020800906

Address : Pazhassi, P.O. Uruvachchal, Pin. 670702

Email : pelpspazhassi@gmail.com

Phone : 9562988529

Sub. Dist : Mattannur

Edl.Dist : Thalassery

District : Kannur

Municipality: Mattanur

Ward : 16 Pazhassi

BRC : Mattanur

CRC : Mattanur

Manager : K.P. Sathisan Master

Headmistress: P Nyna 9562988529

Teachers:
1. K.C. Syeed 9447313892
2. P.V. Prijith 9746342263
3. P. Nimisha 9656035082
4. Amrutha Thottathil 80783956770
5. Shimja K 9497047585
6. Sreerag K 9562373655

| | | |
|---|---|---|
| Pre Primary Teachers | 1. P.V. Binisha | 9400477242 |
| | 2. P Mini | 7736400427 |
| Computer Teacher | K K Sandhya | 9447395698 |
| PTA President : | K Jyothish | 9447689697 |
| M PTA President: | Soumya Sanoop | 9526849869 |
| Ward Councilor : | P. Sreenath | 9605462020 |

# എൻറെ ഭാഷ

## ആമുഖം

നാലാം ക്ലാസ്സുകഴിയുന്ന ഒരു വിദ്യാർഥി സ്വന്തം മാതൃഭാഷ അനായാ സമായി കൈകാര്യം ചെയ്യാൻ കഴിയുന്നവരായിരിക്കണം. എന്നാൽ ചെറിയൊരു ശതമാനം കുട്ടികൾ അതിനു പ്രാപ്തരായില്ല എന്ന് കണ്ടെത്താറുണ്ട്. അക്ഷരങ്ങളും ചിഹ്നങ്ങളും അറിയുമെകിലും വേണ്ട രീതിയിൽ പ്രയോഗിക്കാൻ പലർക്കും ബുദ്ധി മുട്ടായി കാണുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നല്ല വായന നല്ല പഠനം നല്ല ജീവിതം എന്ന ലക്ഷ്യം നിറവേറ്റാൻ വിദ്യാലയത്തിലെ മുഴു വൻ വിദ്യാർഥികളെയും മികച്ച വായനക്കാരും എഴുത്തുകാരുമാക്കേണ്ടതുണ്ട്. പിന്നോ ക്കം നിൽക്കുന്നവരെ കൂടി മുൻ ധാരയിൽ എത്തിച്ച് വായനയും എഴുത്തും നവ്യാനു ഭവമാക്കി വിദ്യാലയത്തെ ഒരു സർഗപ്രപഞ്ചമാക്കി മാറ്റിയാൽ മാത്രമേ നമ്മുടെ ല ക്ഷ്യം കൈവരിക്കാൻ കഴിയൂ....

## ലക്ഷ്യം

--എല്ലാ കുട്ടികളും അവർ പാക്കുന്ന ക്ലാസ്സിനനുസരിച്ചും നിലവാരമനു സരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക

--നാലു വർഷം കഴിഞ്ഞ് സ്കൂൾ വിട്ടു പുറത്തുവരുന്ന മുഴുവൻ കുട്ടികളും മലയാള ഭാഷയിൽ എഴുത്തും വായനയും അനായാസമായി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക

നാലു വർഷത്തിനുള്ളിൽ ഓരോ കുട്ടിയുടെയും അഭിരുചിക്കനു സരിച്ച് സർഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധരീതി യിൽ ആവിഷ്കരിക്കുന്നതിനും കഴിവു വികസിപ്പിക്കുക

## ഉപലക്ഷ്യം

-എല്ലാകുട്ടികൾക്കും എഴുത്തും വായനയും

-ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

(മലയാളത്തിളക്കം)

-മികച്ച വായനക്കാരും എഴുത്തുകാരുമാക്കൾ(വായനാക്കൂട്ടം, എഴുത്തുകൂട്ടം)

-വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങളൊരുക്കൽ (ലൈബ്രറി ശാക്തീകരണം)

-ക്ലാസ്സ് ലൈബ്രറി സംവിധാനം ഒരുക്കൽ

-ഗ്രന്ഥശാല അംഗത്വം (പുസ്തകപ്പെട്ടി)

അമ്മ വായന (രക്ഷിതാക്കളുടെ വായന പരിപോഷണത്തിനുള്ള പ്രവർ ത്തനങ്ങൾ)

സ്വന്തം രചനകൾ പ്രോത്സാഹിപ്പിക്കൽ

(തിര്ള്)

- സർഗവേളകൾ സർഗാത്മകമാക്കൽ

(ബാലസഭ)

## പ്രവർത്തനങ്ങൾ

<u>1. മലയാളത്തിളക്കം</u> കാലയളവ്

പ്രി ടെസ്റ്റ് നടത്തി പിന്നോക്കകാരെ കണ്ടെത്തൽ

അക്ഷരം ഉറപ്പിക്കൽ

അടയാളങ്ങൾ ഉറപ്പിക്കൽ

അക്ഷരകാർഡ്, പദകാർഡ്, വാക്യകാർഡ്

വാക്കുകൾ ഉണ്ടാക്കൽ, വാക്യങ്ങളുണ്ടാക്കൽ

ചിത്രം- അടിക്കുറിപ്പ് /കഥ പറയൽ

കഥ ബാക്കി പറയൽ/ എഴുതൽ

സി.ഡി പ്രദർശനങ്ങൾ കഥാപുസ്തകങ്ങൽ വായിക്കൽ

തപ്പിതടയാതെ വേഗത്തിൽ വായിക്കൽ അക്ഷരത്തെറ്റില്ലാതെ വേഗത്തിൽ എഴുതൽ

സ്വന്തം ആശയങ്ങൾ വ്യക്തതയോടെ പാറയാനും എഴുതാനും പ്രാപ്തരാക്കൽ

ഭിന്നശേഷിക്കാരെ പരിഗണിക്കൽ

## ഉപകരണങ്ങൾ

അക്ഷരക്കർഡുകൽ, വായനാകാർഡുകൽ, സിഡി, പുസ്തകങ്ങൾ, ചിത്രങ്ങൾ........ മുതലായവ

## പിന്തുണ

ബിആർസി, ഡയറ്റ്, പിടിഎ, എസ്സ് ആർ ജി. ചുമതലയുള്ള അധ്യാപകർ

## സാമ്പത്തികം

വായനക്കാർഡ്,പേപ്പർ മുതലായവയ്ക്ക് 2000 രൂപ

2.സ്കൂൾ ലൈബ്രറി

( ജൂലൈ 31 ന മുമ്പ് ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കൽ)

പുസ്തകങ്ങൾ ഇനം തിരിച്ച് ക്രമീകരിക്കൽ

പുസ്തക വിതരണ സൗകര്യമൊരുക്കൽ (ചുമതല നൽകൽ)

വായനാകുറിപ്പുകൾ -മെച്ചപ്പെട്ടവ തിരഞ്ഞെടുക്കൽ

ഓരോ ക്ലാസ്സിനും ആവശ്യമായ പുസ്തകങ്ങൾ വായനാക്കുറിപ്പുകൾ അവതരണം- അസംബ്ലിയിൽ അമ്മമാരുടെ വായനാ കുറിപ്പുകൾ വായനാനുഭവം പകുവയ്ക്കൽ

മികച്ച വായനക്കാരെ കണ്ടെത്തൽ -അനുമോദിക്കൽ

അമ്മ വായന -അമ്മമാർക്കും പുസ്തകങ്ങൾ

വായനാകുറിപ്പുകൾ പതിപ്പാക്കൽ-അമ്മമാർ/കുട്ടികൾ സാഹിത്യ ശിൽപശാലകൾ - പുസ്തക ചർച്ചകൾ

## ഉപകരണങ്ങൾ

ലൈബ്രറിയിലെ (പുസ്തകപ്പയറ്റിലൂടെ ലഭിച്ചത് ഉൾപ്പെടെ) 2000 പുസ്തകങ്ങൾ

പുതിയ പുസ്തകങ്ങൾ അലമാര

ശേഖരണ വിതരണ രജിസ്റ്ററുകൾ

## പിന്തുണ

പിടിഎ, എസ്.ആർ.ജി, നിർവഹണം-ചുമതലയുള്ള അധ്യാപിക

സാമ്പത്തിക

അലമാര, പുതിയ പുസ്തകങ്ങൾ ഉൾപ്പെടെ 15000 രൂപ

3 ക്ലാസ്സ് ലൈബ്രറി

ജൂലൈ 31 ന മുമ്പ് യോജിച്ച പുസ്തകങ്ങൾ ക്ലാസ്സിൽ പ്രദർശിപ്പിക്കൽ ക്ലാസ്സ് വായനാക്കൂട്ടം

ക്ലാസ്സ് ലൈബ്രേറിയേനെ നിശ്ചയിക്കൽ

ആനുകാലികങ്ങളും വർത്തമാന പത്രങ്ങളും സ്പോൺസർചെയ്യിക്കൽ

പുസ്തകം/വാർത്ത അടിസ്ഥാനമാക്കി ചർച്ച

വായനാകുറിപ്പുകൽ - ക്രോഡീകരണം - പ്രകാശനം

പിറന്നളിനൊരു പുസ്തകം ക്ലാസ്സ് ലൈബ്രറിക്ക്- പരിപാടി

ബാഗ് ലൈബ്രറി

ക്ലാസ്സ് ബാലസഭ-സർഗവേള - വിദ്യാരംഗം

സർഗാത്മപ്രകടനം

ദിനാചരണങ്ങൾ

പ്രാദേശിക സാഹിത്യകാരന്മാരെ ക്ഷണിക്കൽ

ഫീൽഡ് ടിപ്പുകൾ (വായനശാല )

ക്ലാസ്സ് പത്രം ചുമർ മാഗസീൻ

കൈയെഴുത്ത്/ഡിടിപി പതിപ്പുകൾ

രചനാ മത്സരങ്ങൽ

ഭാഷാ പ്രോജക്ടുകൾ (പാഠപുസ്തകവുമായി ബന്ധപ്പെട്ട്)

ഭിന്നശേഷികാർക്കുള്ള പ്രവർത്തനങ്ങൾ

സിപിടിഎ സജീവമാക്കൽ

## ഉപകരണങ്ങൾ

അതാതു ക്ലാസ്സിനനുയോജ്യമായ പുസ്തകങ്ങൾ

പുസ്തക പ്രദർശന അലമാരകൾ

വർത്തമാന പത്രങ്ങൾ-കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ

പേപ്പർ........... തുടങ്ങിയവ

## പിന്തുണ

ബിആർസി, പിടിഎ, എസ് ആർ ജി, സിപിടിഎ, ക്ലാസ്സ് ടീച്ചർ

## സാമ്പത്തികം

അലമാര, പത്രം, ആനുകാലികകങ്ങൾ തുടങ്ങിയവ - 12000 രൂപ

## മോണിറ്ററിംഗ്

ഡയറ്റ്,എഇഒ,ബിപിഒ,എച്ച് എം

# *ബെസ്റ്റ് സ്റ്റഡൻറ് ഇൻ ജികെ*

## ആമുഖം

മത്സര പരീക്ഷകളിൽ വിജയം ഉറപ്പിക്കണമെകിൽ പൊതു വിജ്ഞാനത്തിൽ നല്ല അറിവുണ്ടാവേണ്ടതുണ്ട്. പി എസ് സി പരീക്ഷയ്ക്കും മറ്റുമുള്ള ഒരു പരിശീലനം താഴ്ന്ന ക്ലാസ്സിൽ നിന്നും ഉണ്ടാവണമെന്നത് കുട്ടികൾക്കുപരി രക്ഷിതാക്കളുടെ കൂടി താൽപര്യമാണ്. വിവിധ് ക്വിസ്സ് മത്സരങ്ങളും മത്സരപരീക്ഷകളും ധാരാളം നടന്നു വരുന്ന ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് പകെടുക്കാൻ താൽപര്യമുണ്ടാക്കാനും ഇത്തരം പ്രവർത്തനങ്ങൾ സഹായകമാവും.

നല്ല വായനാശീലം കൂടി കുട്ടി കളിലുണ്ടായാൽ മാത്രമേ അവരുടെ അറിവും വർദ്ധിക്കു. പൊതുവിജ്ഞ്ഞാനം നേടി മത്സര പരീക്ഷകളിൽ മുന്നേറാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായകമാവുന്നു.

## ലക്ഷ്യം

ധാരാളം വായിക്കാനും അറിവു നേടാനും കഴിയുന്നു. പൊതു വിജ്ഞാനത്തിൽ താൽപര്യമുണ്ടാകുന്നു പൊതുവിജ്ഞാനം നേടുന്നത് പഠനപ്രവർത്തനങ്ങൾക്ക് സഹായകമാവുന്നു..

ക്വിസ്സ് മത്സരങ്ങളിലും മത്സര പരീക്ഷകളിലും പകെടുക്കാനും ഉന്നത വിജയം നേടാനും കഴിയുന്നു.

ഒന്നുമുതൽ നാലു വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും ഉപകാര പ്രദമാവുന്നു.

രക്ഷിതാക്കളുടെ പൂർണ സഹകരണം അവർക്കും പ്രയോജനകരമാവുന്നു.

## **പ്രവർത്തനം** (ഒന്നു മുതൽ നാലു വരെ ക്ലാസ്സുകൾ)

ഓരോ മാസവും ഇരുപത് ചോദ്യങ്ങൾ ഉൾപ്പെടുത്തിയ ക്വിസ് മത്സരം. അതിൽ 4 തുറന്ന ചോദ്യങ്ങൾ ജൂലൈ മുതൽ ഫിബ്രവരി വരെ 8 മാസങ്ങളിൽ പ്രാഥമിക മത്സരം ആനുകാലികമായ ചോദ്യങ്ങൾക്ക് പ്രാധാന്യം ഓരോ ക്ലാസ്സിലും കൂടുതൽ സ്കോർ നേടിയവർക്ക് അഭിനന്ദനം മുൻകൂട്ടി തയ്യാറാക്കി ഡി.ടി.പി. ചെയ്ത ചോദ്യങ്ങൾ പ്രാഥമിക റൗണ്ടിൽ 20 8 =160 സ്കോർ. ഇതിൽ 50 സ്കോറിൽ കൂടുതൽ നേടുന്നവർ ഫൈനൽ മത്സരത്തിൽ പകെടുക്കുന്നു.

ഫിബ്രവരി അവസാനം ഫൈനൽ- 30 ചോദ്യങ്ങൾ പി.എസ്.സി
മോഡലിൽ

പ്രാഥമിക റൗണ്ടിലെ ശരാശരി സ്കോറും ഫൈനലിൽ ലഭിച്ച സ്കോറും ചേർത്ത് വിജയിയെ നിശ്ചയിക്കുന്നു.

വിജയിയെ ബെസ്റ്റ് സ്റ്റുഡൻറ് ഇൻ ജി.കെ ആയി പ്രഖ്യാപിക്കുന്നു.

അവാർഡുകളും ധാരാളം സമ്മാനങ്ങളും നൽകുന്നു.
ഫൈനലിൽ എത്തിയവർക്കും സമ്മാനം

## ഉപകരണങ്ങൾ

റഫറൻസ് പുസ്തകങ്ങൾ

ചോദ്യ ബാങ്ക

സമ്മാനങ്ങൾ

## പിന്തുണ

പിടിഎ, എസ്.എസ്.ജി, എസ്.ആർ.ജി

## സാമ്പത്തികം

ചോദ്യങ്ങൾ -500/-

സമ്മാനങ്ങൾ 4000/-

(സമ്മാനങ്ങൾ സ്പോൺസറിംഗ് ആക്കണം)

## മോണിറ്ററിംഗ്

എച്ച് എം, പിടിഎ പ്രസിഡൻറ്

# ചുറ്റുപാടിലേക്ക്...

## ആമുഖം

പൊതു വിദ്യാലയങ്ങൾ സമൂഹത്തിന്റെ ഭാഗമാണ്. സമൂഹവുമായി നല്ല ബന്ധം സ്ഥാപിക്കപ്പെടുമ്പോൾ വിദ്യാലയങ്ങളും മെച്ചപ്പെടും. പഴശ്ശി ഈസ്റ്റ് എൽ .പി സ്കൂളിനെ സംബന്ധിച്ച് അന്നും ഇന്നും ഈ ബന്ധം നിലനിർത്താൻ കഴിഞ്ഞി ട്ടുണ്ട്. സമൂഹവുമായി ഇടപെടാൻ കുട്ടികൾക്കും അവസരമുണ്ടാകേണ്ടതാണ്. അതു വഴി വീടിനും നാടിനും മാതൃകയായി വളരാനുള്ള സാഹചര്യം ചുറ്റുപാടിൽ നിന്നും കിട്ടേണ്ടതുണ്ട്. കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനും പഠനപ്രവർത്തനങ്ങൾക്കും പഠനാനുബന്ധ പ്രവർത്തനങ്ങൾക്കും പദ്ധതികൾ ഉണ്ടാവേണ്ടതുണ്ട്. കുട്ടികളുടെ സർവതോന്മുഖമായ കഴിവുകൾ വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ, അതു വഴി മൂല്യങ്ങളിലും മനോഭാവങ്ങളിലും ഉണ്ടാകുന്ന മാറ്റം അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ എന്ന സങ്കൽപ്പത്തെ സാധൂകരിക്കും

## ലക്ഷ്യം

വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പഠനപ്രവർത്തനങ്ങൾക്ക് സഹായകരമാവുന്നു.

സമൂഹവും വിദ്യാലയവും തമ്മിൽ മാതൃകാപരമായ ബന്ധം സ്ഥാപിക്കാൻ കഴിയുന്നു.

കുട്ടികളുടെ വ്യക്തിത്വ വികസനം നേതൃപാടവം തുടങ്ങി സർവതോന്മുഖമായ കഴിവുകൾ വികസിപ്പിക്കാൻ കഴിയുന്നു.

കലാ-കായിക-പ്രവൃത്തി പരിചയ മേളകളിൽ മികച്ച പങ്കളിത്തം, വിജയം എന്നിവ ഉണ്ടാവുന്നു.

സന്നദ്ധ - സേവന പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും നേതൃത്വം നൽകാനും സാധിക്കുന്നു.

## പ്രവർത്തനങ്ങൾ

. വിവിധ ക്ലബ്ബുകളുടെ രൂപീകരണവും പ്രവർത്തനങ്ങളും (അധ്യാപകർക്കും വിദ്യാർഥികൾക്കും ചുമതല നൽകി കോണ്ട്)

-ശാസ്ത്ര സാമൂഹ്യ ശാസ്ത്ര ഗണിത ക്ലബ്ബ്, പ്രവൃത്തി പരിചയ

ക്ലബ്ബ്, ശുചിത്വ സേന, വിദ്യാരംഗം, ഇംഗ്ലീഷ് ക്ലബ്ബ്, സർഗവേള കാർഷിക ക്ലബ്ബ്
ദിനാചരണങ്ങൾ
പാഠഭാഗങ്ങളുമായി ബന്ധിപ്പിച്ച് (എസ്.ഡി.പി)

*ആഘോഷങ്ങൾ ഓണം, ക്രിസ്തുമസ്സ് ........

*ഫീൽഡ് ട്രിപ്പുകൾ

*അധ്യാപകരും വിദ്യാർഥികളും രക്ഷിതാക്കളും ചേർന്നുള്ള പഠനയാത്രകൾ

*നിർമാണ പ്രവർത്തനങ്ങൾ

*സ്വാശ്രയശീലം വളർത്താനുതകുന്ന പ്രവർത്തനങ്ങൾ

*ഊർജ്ജ സം രക്ഷണ പ്രവർത്തനങ്ങൾ

*പ്ലാസ്റ്റിക്ക് വിമുക്ത വിദ്യാലയം

*പിറന്നാൾ മിഠ യി ഓഴിവാക്കി പുസ്തകങ്ങളും പാത്രങ്ങളും മറ്റ് ഉപകരണങ്ങളും നൽകുന്നത് പ്രോത്സഹിപ്പിക്കൽ

*വ്യക്തി - പരിസര ശുചിത്വ പ്രവർത്തനങ്ങൾ

*സേവന പ്രവർത്തനങ്ങൾ - ആശ്രിതർക്കൊരു കൈത്താങ്ങ്

*കുട്ടികളുടെ കഴിവിനും അഭിരുചിക്കുമനുസരിച്ച് കലാ-കായിക-പ്രവൃത്തി പരിചയ സാഹിത്യ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കൽ

*രക്ഷിതാക്കൾക്കും കുട്ടികൾക്കും രണ്ടു ദിവസത്തെ കലാകായിക മേള

*ആഘോഷങ്ങളിലും മേളകളിലും നാട്ടുകാരുടെയും രക്ഷിതാക്കളുടെയും പൂർണ പങ്ക ളിത്തം

*നീന്തൽ പരിശീലനം, സൈക്കിൾ പരിശീലനം, ചെസ്സ് പരിശീലനം

*പച്ചക്കറി നെൽ കൃഷി

*പൂന്തോട്ട സം രക്ഷണം

* ജൈവവൈവിധ്യ പ്രവർത്തനങ്ങൾ

*ലഘു സമ്പാദ്യ ശീലങ്ങൾ പ്രോത്സാഹിപ്പിക്കൽ

*വ്യക്തിത്വ വികസനം

*ഭിന്നശേഷിക്കാർക്ക് പ്രത്യേകപരിഗണന

## ഉപകരണങ്ങൾ

ഓരോ പ്രവർത്തനങ്ങൾക്കും ആവശ്യമായവ

## പിന്തുണ

നഗരസഭ, എസ്.എസ്.ജി., എസ്.ആർ.ജി, പിടിഎ

## ധനകാര്യവിശകലനം

ഓരോ പ്രവർത്തനങ്ങൾക്കും ആവശ്യമായ ധന സ്രോതസ്സ്

അതാതു സമയം കണ്ടെത്തൽ

## മോണിറ്ററിംഗ്

എ.ഇ.ഒ, ബിആർസി, പിടിഎ, എച്ച് എം

# നല്ല ഇംഗ്ലീഷ്

## ആമുഖം

മാതൃഭാഷ പോലെ തന്നെ ഇന്ന് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്ന ഭാഷയാണ് ഇംഗ്ലീഷ്. അതുകൊണ്ട് തന്നെ മുഴുവൻ രക്ഷിതാക്കൾക്കും നല്ല താൽ പര്യവുമാണ് . സ്കൂളിൽ പ്രിപ്രൈമറിയിലും ഇംഗ്ലീഷിനു പ്രാധാന്യം നൽകി വരുന്നു. മുഴുവൻ വിദ്യാർഥികൾക്കും അനായാസം ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനും കഴിയേണ്ടതുണ്ട്. ടേം മൂല്യനിണയ വിശകലനത്തിൽ ഇംഗ്ലീഷിൽ മൂന്ന് നാല് ക്ലാസ്സിലെ കുട്ടികൾ പൊതുവെ പിന്നോക്കം നിൽക്കുന്നതായി കണ്ടെത്താറുമുണ്ട്. ഇംഗ്ലീഷിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി മുന്നോക്കത്തിലാക്കി അനായാസമായി ഇംഗ്ലീഷ് കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്ത രാക്കുവാൻ അധിക സമയം കണ്ടെത്തി ഗൗരവകരമായ ഒരു ഇടപെടൽ എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

## ലക്ഷ്യം

-എല്ലാ കുട്ടികളും അവർ പാക്കുന്ന ക്ലാസ്സിനനുസരിച്ചും നിലവാരമനുസരി ച്ചും ഇംഗ്ലീഷ് ഭാഷയിലെ ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക

-നാലു വർഷം കഴിഞ്ഞ് അതായത് ഒന്നിൽ നിന്നും നാലാം ക്ലാസ്സ് പൂർത്തിയാക്കുമ്പോൾ ഇംഗ്ലീഷിൽ എഴുതാനും വായിക്കാനും സംസാ മിക്കാനും പ്രാപ്തരാക്കുക

-നാലു വർഷത്തിനുള്ളിൽ കുട്ടിയുടെ അഭിരുചിക്കനുസരിച്ച് ഇംഗ്ലീഷിൽ സ്വയം രചനകൾ നടത്താനും സർഗാത്മകത പ്രകടിപ്പിക്കാനും കഴിയും വിധം കുടികളെ പ്രാപ്തരാക്കുക

-ഇംഗ്ലീഷിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക

## ഉപലക്ഷ്യം

=ഇംഗ്ലീഷ് ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (ഹലോ ഇംഗ്ലീഷ്)

=നന്നായി ഇംഗ്ലീഷ് വായിക്കനും എഴുതാനും സംസാരിക്കാനും പ്രാപ്തരാക്കുക

=അനുവദനീയമായ പിരീഡിനപ്പുറം ഇംഗ്ലീഷിന് സമയം കണ്ടെത്തുക (ശനി ഇംഗ്ലീഷ്)<

=രക്ഷിതാക്കളുടെ പൂർണപിന്തുണ ഉറപ്പുവരുത്തുക

=ഇംഗ്ലീഷിൽ മികച്ച പ്രവർത്തനങ്ങൾ നടത്തുന്നവരെ പ്രോത്സാഹിപ്പിക്കുക .

=എൻറാവ്മെൻറുകൾ ഏർപ്പെടുത്തൽ

## പ്രവർത്തനങ്ങൾ

ഹലോ ഇംഗ്ലീഷ്

അക്ഷരം ഉറപ്പിക്കൽ വാക്കുകൾ/ വാക്യങ്ങൾ

Listening, speaking, reading &writing

കേരള സിലബസ് ഇംഗ്ലീഷ് പുസ്തകങ്ങൾ ഉപയോഗപ്പെടുത്തുക
സ്പോക്കൺ ഇംഗ്ലീഷിനും പ്രാധാന്യം

ഭാഷാപ്രോജക്ടുകൾ (ടി ബിയിലേതുൾപ്പെടെ)

അധിക വായന -ഇംഗ്ലീഷ് ലൈബ്രറി

ഇംഗ്ലീഷ് അസംബ്ലി, സർഗവേള, ക്ലാസ്സ് ബാലസഭകൾ

സ്വന്തം രചനകൾ - ഇംഗ്ലീഷ് പതിപ്പുകൾ

കൈയെഴുത്ത്/ഡിടിപി പ്രസിദ്ധീകരണങ്ങൾ (പതിപ്പ്)

സർഗാത്മക രചന ഇംഗ്ലീഷിൽ സംഘ/വ്യക്തി രചനകൾ

(അതാത് ക്ലാസ്സിനനുസരിച്ച്)

മത്സരങ്ങൾ -പ്രോത്സാഹനങ്ങൾ

സിഡി/ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തൽ

ഇംഗ്ലീഷ് ക്യാമ്പ്-ശിൽപശാലകൾ
രക്ഷിതാക്കൾക്ക് ബോധവൽക്കരണം

## ഉപകരണങ്ങൾ

അക്ഷര/വായനാ കാർഡുകൾ

സിഡി/ഐസിടി

പുസ്തകങ്ങൾ/ചിത്രങ്ങൾ

## പിന്തുണ

ബിആർസി, പിടിഎ, എസ് എസ് ജി, എസ്.ആർജി
ചുമതലയുള്ള അധ്യാപിക
പുറത്തുനിന്നുമുള്ള വിദഗ്ധർ

## ധനകാര്യം

വായനാകാർഡ്, പേപ്പർ മുതലായവ -5000/-

പുറമെയുള്ളവരുടെ യാത്ര/ഭക്ഷണം -35000/-

(സ്രോതസ്സ് -പിടിഎ സ്പോൺസർ)

## മോണിറ്ററിംഗ്

എഇഒ, എച്ച് എം